"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഹോമിയോപ്പതി വകുപ്പ് - പത്തനംതിട്ട ജില്ലയിലെ കോയിപ്രം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II ആയിരുന്ന ശ്രീമതി ഹന്നാ ഫാത്തിമ എസ്.-ന് പഠനാവശ്യത്തിനായി അനുവദിച്ചിരുന്ന ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.81/2025/AYUSH തീയതി, തിരുവനന്തപുരം, 14-02-2025

---

പരാമർശം:- (1) സ.ഉ.(സാധാ)നം.265/2022/ആയുഷ് തീയതി 10/06/2022.

(2) ശ്രീമതി ഹന്നാ ഫാത്തിമ എസ്. സമർപ്പിച്ച 29/08/2024-ലെ അപേക്ഷ.

(3) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 12/08/2024, 31/01/2025 എന്നീ തീയതികളിലെ DHTVM/1558/2024-EA5 - നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ കോയിപ്രം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II ആയിരുന്ന ശ്രീമതി ഹന്നാ ഫാത്തിമ എസ്-ന് (നിലവിൽ അയിരൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II) ബി.എച്ച്.എം.എസ്. പഠനാവശ്യത്തിനായി 01.04.2021 മുതൽ 31.07.2024 വരെ പരാമർശം-(1) പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നുവെന്നും, എന്നാൽ ടിയാളുടെ കോഴ്സ് കാലവാധി ദീർഘിപ്പിച്ചതിനാൽ പരാമർശം-(1) പ്രകാരം അനുവദിച്ചിരുന്ന ശൂന്യവേതനാവധിക്ക് തുടർച്ചയായി 01/08/2024 മുതൽ 17/09/2024 വരെ ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകണമെന്നാവശ്യപ്പെട്ട് പരാമർശം-(2) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷയും, അനുബന്ധ രേഖകളും പരിഗണിച്ച് ഉത്തരവാകണമെന്ന് ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(3) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(3) പ്രകാരം ലഭ്യമാക്കിയ വസ്തുതകളുടെ വെളിച്ചത്തിൽ, പത്തനംതിട്ട ജില്ലയിലെ കോയിപ്രം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II ആയിരുന്ന (നിലവിൽ അയിരൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II) ശ്രീമതി ഹന്നാ ഫാത്തിമ എസ്.-ന് ബി.എച്ച്.എം.എസ്. പഠനത്തിനായി പരാമർശം-(1) പ്രകാരം അനുവദിച്ചിരുന്ന

ശൂന്യവേതനാവധി, ടി കോഴ്സിന്റെ കാലാവധി ദീർഘിപ്പിച്ചതിന്റെ വെളിച്ചത്തിൽ കെ.എസ്.ആർ. ഭാഗം-I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി **01/08/2024** മുതൽ **17/09/2024** വരെ കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

ഡെപ്യൂട്ടി സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി (i/c), തിരുവനന്തപുരം.
2. ശ്രീമതി ഹന്നാ ഫാത്തിമ എസ്., ഫാർമസിസ്റ്റ് ഗ്രേഡ്-II, സർക്കാർ ഹോമിയോ ഡിസ്പെൻസറി, അയിരൂർ, പത്തനംതിട്ട. (ഹോമിയോപ്പതി വകുപ്പ് മേധാവയുടെ കാര്യാലയം മുഖാന്തിരം)
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), പത്തനംതിട്ട.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
5. ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ്. (30/12/2024-ലെ E 1897633/HLT-B3/563/2021-FIN നമ്പർ കുറിപ്പ് പ്രകാരം)
6. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
7. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 14-02-2025 14:41:14

സെക്ഷൻ ഓഫീസർ.